V സബ്മിഷൻ

(1) തിരുവനന്തപുരം ആയുർവ്വേദ കോളേജിന്റെ പൂജപ്പുര കാമ്പസ്സിലെ പഞ്ചകർമ്മ ആശുപത്രി സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, തിരുവനന്തപുരം ആയുർവ്വേദ കോളേജിന്റെ പൂജപ്പുര കാമ്പസ്സിലെ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സ്ഥാപനമായി പ്രവർത്തിക്കുന്ന പഞ്ചകർമ്മ ആശുപത്രി സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും മാത്രമല്ല രോഗികളും ഉൽക്കണ്ഠാകുലരാണ്. ചികിൽസയിലായിരുന്ന മൂന്ന് രോഗികളെ ഡിസ്ചാർജ്ജ് ചെയ്തു. വളരെ ഉൽക്കണ്ഠാജനകമായ സ്ഥിതിയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ആയുർവ്വേദ കോളേജിനോടനുബന്ധിച്ച് കുട്ടികൾക്ക് പഠിക്കുന്നതിനും റിസർച്ച് ചെയ്യുന്നതിനുംവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പഞ്ചകർമ്മ ആശുപത്രി സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം നടത്തുന്നതിൽ അവർ വളരെ ഉൽക്കണ്ഠാകുലരാണ്. ഇത്തരത്തിൽ എന്തിനാണ് സർക്കാർ സ്ഥാപനത്തെ ഇല്ലായ്മ ചെയ്യാൻവേണ്ടി സ്വകാര്യവൽക്കരിക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. നമ്മുടെ കുട്ടികൾക്ക് ബിരുദമെടുക്കുന്നതിന് അവിടെ കേന്ദ്രീകരിച്ചാണ് പഠിക്കേണ്ടത്. അത് സ്വകാര്യവൽക്കരിച്ചാൽ സ്വാശ്രയ കോളേജുകളിലെ കുട്ടികളുടെ അനുഭവമായിരിക്കും ഉണ്ടാകുക. ലക്ഷക്കണക്കിന് രൂപ പിന്നെ ഫീസ് കൊടുക്കേണ്ടതായിവരും. ആ നിലയിലേക്ക് കുട്ടികളെ എറിഞ്ഞുകൊടുക്കുകയും സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് ഗവൺമെന്റ് ആയുർവ്വേദകോളേജിന്റെ പഞ്ചകർമ്മ ആശുപത്രി വിട്ടുകൊടുക്കുകയും ചെയ്യുന്ന സ്ഥിതിയിലേക്ക് എന്തിനാണ് എത്തുന്നത്. നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ സ്വകാര്യവൽക്കരണത്തിനുള്ള നീക്കത്തെ അനുകൂലിക്കാത്ത പ്രിൻസിപ്പലിനെ താൻ പറയുന്നത് കേൾക്കാതിരിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത അവധിയെടുപ്പിച്ച് പറഞ്ഞയച്ചിരിക്കുകയാണ്. ഇങ്ങനെ ആകെ പശ്ചാത്തലം ഒരുക്കുന്നു. ആർക്കുവേണ്ടിയാണ്? മനസ്സിലാകുന്നില്ല. നമ്മുടെ ഏറ്റവും അനുഗൃഹീതമായിട്ടുള്ള ഈ ആയുർവ്വേദ കോളേജിനെ ഛിന്നഭിന്നമാക്കുകയും അവിടെ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ അനാഥമാക്കുകയും ചെയ്യുന്ന സ്ഥിതിയിൽനിന്ന് ഗവൺമെന്റ് പിന്തിരിയണം. ഗവൺമെന്റിന്റെതന്നെ ആയുർവ്വേദകോളേജിലെ പ്രിൻസിപ്പാളും മറ്റും ചേർന്ന് കേന്ദ്രഗവൺമെന്റിന് ഇതു സംബന്ധിച്ച് കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾക്ക് കാര്യമായ പരിഗണന നൽകുന്നതിനുള്ള നീക്കം നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഇത്തരത്തിലുള്ള തെറ്റായ നടപടികൾ ഉണ്ടാകുന്നത് അത്യന്തം പ്രതിഷേധാർഹമാണ്. അതിൽനിന്ന് ഗവൺമെന്റ് പിന്തിരിയണം. നമ്മുടെ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയും അതിനോടനുബന്ധിച്ചുള്ള പഞ്ചകർമ്മ ആശുപത്രിയും ശക്തമായ നിലയിൽ നിലനിർത്താനാവശ്യമായ സമീപനമാണ് ഗവൺമെന്റ് കൈക്കൊള്ളേണ്ടത് എന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ആരാണ് തെറ്റിദ്ധരിപ്പിച്ചതെന്ന് എനിക്ക് അറിയില്ല. അത് സ്വകാര്യവൽക്കരിക്കുന്ന പ്രശ്നമില്ല. തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള പഞ്ചകർമ്മ ആശുപത്രി ആർ.സി.സി. മാതൃകയിലുള്ള ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി ഒരു സൂപ്പർ സ്പെഷ്യാലിറ്റി സ്ഥാപനമായി വിപുലീകരിക്കാനുള്ള സമഗ്രമായ പദ്ധതി ഗവണ്മെന്റിന്റെ സജീവ പരിഗണനയിൽ ഇപ്പോഴുണ്ട്. പഞ്ചകർമ്മ ആശുപത്രി സൂപ്രണ്ടും നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ ഓഫീസറുമായ ഡോ. എൻ. കെ. ശശിധരൻ സമർപ്പിച്ച റിപ്പോർട്ടു പ്രകാരം തിരുവനന്തപുരം ആയുർവ്വേദ കോളേജിനുള്ള, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന്റെ അംഗീകാരം നഷ്ടമാകാത്ത വിധത്തിൽ പൂജപ്പുരയിൽ ലഭ്യമായ സ്ഥലത്തിനു പുറമെ നെയ്യാർഡാമിലുള്ള 26.3 ഹെക്ടർ സർക്കാർ പുറമ്പോക്കു ഭൂമികൂടി ഈ പ്രോജക്ടിനായി വിനിയോഗിക്കാനാണ് ഇപ്പോൾ ആലോചിച്ചുവരുന്നത്. ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിൽ തിരുവനന്തപുരം ആയുർവ്വേദ കോളേജിന്റെ ഭരണ നേതൃത്വത്തിലുള്ള ഈ സ്ഥാപനത്തിൽ പഞ്ചകർമ്മ ചികിൽസയ്ക്കായി നിലവിൽ 20 മുറികളാണ് ഉള്ളത്. രജിസ്ട്രേഷൻ കഴിഞ്ഞ് ആറുമാസം കാത്തിരുന്നാലേ ഇവിടെ ബെഡ്ഡ് ലഭിക്കൂ. ഇവിടെ ആർക്കും സൗജന്യചികിൽസയില്ല. 1500 രൂപയിൽ കൂടുതൽ മാസവരുമാനമുള്ളവർക്കു മാത്രമേ ഇപ്പോൾ ഇവിടെ ചികിൽസ നൽകുന്നുള്ളൂ. ഈ പഞ്ചകർമ്മ ആശുപത്രിയെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി വിപുലീകരിക്കുന്നതിനാണ് ഗവൺമെന്റ് ഇപ്പോൾ ആലോചിച്ചു വരുന്നത്. നിശ്ചിത ശതമാനം ബെഡ്ഡുകൾ, 1500 രൂപയിൽ കുറഞ്ഞ മാസവരുമാനമുള്ള പാവപ്പെട്ട രോഗികൾക്ക് സൗജന്യചികിൽസ എന്നിവ ഉദ്ദേശിക്കുന്നു. കൂടാതെ, നെയ്യാർഡാമിൽ ഒരു സബ്സെന്റർ സ്ഥാപിച്ച് അവിടെ ഔഷധസസ്യങ്ങൾ കൃഷി ചെയ്യാനും ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ നിർമ്മിക്കാനും ചികിൽസാ സൗകര്യങ്ങൾ വിപുലീകരിക്കാനുമാണ് ഈ പ്രോജക്ട് റിപ്പോർട്ടിലുള്ള നിർദ്ദേശം. മുഖ്യമന്ത്രി ചെയർമാനും, ആരോഗ്യവകുപ്പുമന്ത്രി വൈസ് ചെയർമാനും ആരോഗ്യവകുപ്പ് സെക്രട്ടറി ആൾട്ടർനേറ്റീവ് വൈസ് ചെയർമാനുമാണ്. പൂജപ്പുര ആശുപത്രിയും നെയ്യാർഡാമിലെ സബ്സെന്ററും സ്ഥിതിചെയ്യുന്ന മണ്ഡലങ്ങളിലെ എം.പി.യും, എം.എൽ.എ.മാരും, ധനകാര്യ സെക്രട്ടറി, ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ എന്നിങ്ങനെ സർക്കാർ മേഖലയിലുള്ള ഉദ്യോഗസ്ഥർ മാത്രവും, മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഉൾക്കൊള്ളുന്ന ഒരു ഭരണസമിതിയാണ് ഇതിനെ നിയന്ത്രിക്കുന്നത്. ഒരു സ്വകാര്യവ്യക്തിയും ഇതിൽ ഇല്ല. സ്വകാര്യവൽക്കരിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. പൂർണ്ണമായും ഗവണ്മെന്റ് നിയന്ത്രണത്തിലുള്ള ഒരു ആട്ടോണമസ് ബോഡിയാണ് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ചാരിറ്റബിൾ എന്നു പറഞ്ഞുകൊണ്ട് അത് പുതപ്പിച്ചിട്ട് സ്വകാര്യവൽക്കരണം. അതല്ലേ ഉദ്ദേശം?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഒരു തരത്തിലും സ്വകാര്യവ്യക്തികൾക്ക് ഇതിൽ പ്രാധാന്യം കൊടുക്കുകയില്ല. പൂർണ്ണമായും ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ആട്ടോണമസ് ബോഡിയായിരിക്കും.

(2) ദേവികുളം മൂന്നാർ പ്രദേശങ്ങളിലുണ്ടായ മലയിടിച്ചിലിലും ഉരുൾപൊട്ടലിലും ദുരിതം അനുഭവിക്കുന്നവർക്ക് സഹായം നൽകണമെന്ന ആവശ്യം

ശ്രീ. എ. കെ. മണി: ഇത് ശ്രദ്ധക്ഷണിക്കലിനുവേണ്ടി കൊടുത്തിരുന്നതാണ്. കാലവർഷംമൂലം ഇടുക്കി ജില്ലയാകെ വെള്ളത്തിനടിയിലാണ്. ചെകുത്താനെ ഭൂതം പിടികൂടിയപോലെയാണ് മൂന്നാറും ഇടുക്കി ജില്ലയും മഴവെള്ളത്തിനടിയിൽ ആയിരിക്കുന്നത്. ഒരാഴ്ചയ്ക്കുമുൻപ് മൂന്നാറിൽ ഉണ്ടായ സംഭവങ്ങളാണിത്. മൂന്നാറുമായി ബന്ധപ്പെടുന്ന റോഡുകളെല്ലാം ബ്ലോക്കായിരിക്കുന്നു. പീരുമേട്-തേക്കടി-മൂന്നാർ റോഡ്, തൊടുപുഴ-പുളിയമല റോഡ്, ആലുവ-മൂന്നാർ റോഡ്, കോയമ്പത്തൂർ-മൂന്നാർ റോഡ് അങ്ങനെ മൂന്നാറുമായി ബന്ധപ്പെട്ട എല്ലാ റോഡുകളും ബ്ലോക്കാണ്. ആളുകൾ വളരെയധികം ബുദ്ധിമുട്ടിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. സി. എഫ്. തോമസ്, ശ്രീ. അടൂർ പ്രകാശ്, ശ്രീ. എ. പി. അനിൽകുമാർ, എം.എൽ.എ.മാരായ ശ്രീ. ബിനോയ് വിശ്വം, ശ്രീ. ഇ. എം. അഗസ്തി, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. റോഷി അഗസ്റ്റിൻ എന്നിവരും വന്നിരുന്നു. സർക്കാറിന്റെ എല്ലാ വകുപ്പുകളും ദുരിതാശ്വാസ പ്രവർത്തനത്തിലേർപ്പെട്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പോലീസ്, ഫയർ ഫോഴ്സ്, പട്ടാളം, പി. ഡബ്ല്യു. ഡി, ഇലക്ട്രിസിറ്റി ബോർഡ്, റവന്യൂ ഡിപ്പാർട്ടുമെന്റ്, ഹെൽത്ത് ഡിപ്പാർട്ടുമെന്റ് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾ 24 മണിക്കൂറും പ്രവർത്തിക്കുകയാണ്. എങ്കിൽപ്പോലും ഇപ്പോഴും ആ സ്ഥിതി തുടരുകയാണ്. ഞാൻ ഇപ്പോൾ വിളിച്ചു ചോദിച്ചപ്പോഴും അവിടെ ഭയങ്കര വെള്ളമാണെന്നാണ് പറയുന്നത്. കൂടാതെ, 578 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്. 418 വീടുകൾ തകർന്നുപോയിരിക്കുകയാണ്. ബഹുമാനപ്പെട്ട സി. കെ. നാണു വന്നിരുന്നു. അവരോടൊക്കെ എനിക്ക് നന്ദിയുണ്ട്. ഇത്രയും ചെയ്തെങ്കിൽപ്പോലും ആളുകൾ വളരെ ഭയപ്പാടിലാണ്. 4 ക്യാമ്പുകളിലായി മൊത്തം 587 ആളുകൾ കഴിയുകയാണ്. മാങ്കുളം ആദിവാസിമേഖല മൊത്തം തകർന്നിരിക്കുകയാണ്. അവിടുത്തെ പാലം തകർന്നിരിക്കുകയാണ്. ആദിവാസികൾക്ക് ചെന്നെത്താൻ പറ്റാത്ത സാഹചര്യമാണ് ഇപ്പോഴും നിലവിലുള്ളത്. ആദിവാസികളെ പ്രത്യേകം ദുരിതാശ്വാസ ക്യാമ്പിൽ താമസിപ്പിച്ചിരിക്കുകയാണ്. മാങ്കുളത്തുള്ള എല്ലാ സ്ഥലങ്ങളും, മൂന്നാറും

LIBRARY ARCHIVES Kerala Legislative Assembly